കേരളത്തിലെ ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ 1926-ൽ ആരംഭിച്ച സഭൈക്യചർച്ചകൾ 1930-ൽ പൂവണിഞ്ഞു. മലങ്കര ഓർത്തോഡോക്സ് സഭയിൽ പെട്ട ബഥനിയുടെ മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലസ് പിതാവും റോമൻകത്തോലിക്കാസഭയുമായി കാനോനികവും ദൃശ്യവും സമ്പൂർണവുമായ കൂട്ടായ്മയിൽ പ്രവേശിച്ചു. അങ്ങനെ പുത്തൻകൂറ്റുകാരുടെ പുനരൈക്യം യാഥാർഥ്യമായി. റോമൻ കത്തോലിക്കാ സഭയോടും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെ റോമിലെ പിൻഗാമിയായ മാർപാപ്പായോടുമുള്ള സമ്പൂർണ കൂട്ടായ്മ സഭാത്മകതയ്ക്ക് അനിവാര്യമാണെന്ന ബോധ്യമുള്ളവരാണ് പുത്തൻകൂറ്റിൽ നിന്ന് പുനരൈക്യപ്രസ്ഥാനത്തിലൂടെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്നത്. കേരളത്തിലെ മാർതോമാ നസ്രാണികൾ കൂനൻകുരിശുസത്യത്തിലൂടെ പോർട്ടുഗീസ് ജസ്വിട്ട് ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽനിന്ന് മാറി, സ്വന്തനിലയിൽ 12 വൈദികർ കൈവയ്പ്പു നടത്തി തോമാ ആർച്ചുഡീക്കനെ സഭാധ്യക്ഷനാക്കിയ 1653 മുതൽ തന്നെ മുറിവുണക്കാൻ വേണ്ടത് ചെയ്യണമെന്ന് കാണിച്ച് സഭാനേതാക്കന്മാർ റോമിലേക്ക് എഴുതിക്കൊണ്ടിരുന്നു. എന്നാൽ അവരുടെയും പിൻഗാമികളുടെയും ഐക്യപരിശ്രമങ്ങൾ 1930 വരെ വിജയത്തിൽ എത്തിയില്ല. അതിനുള്ള കാരണങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്താനാണ് ഇവിടെ പരിശ്രമിക്കുന്നത്.

കൂനൻകുരിശുസത്യം നടന്ന ഉടൻതന്നെ തോമാ ആർച്ചുഡീക്കൻ റോമിലേക്ക് എഴുതി. എന്നാൽ റോമിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം വളരെ താമസിച്ചായിരുന്നു. പ്രശ്നം ഉണ്ടായി നാലഞ്ചുവർഷം കഴിഞ്ഞാണ് റോമൻ പ്രതിനിധികൾ പ്രശ്നത്തെപ്പറ്റി പഠിക്കാൻ നാട്ടിൽ എത്തിയത്. അപ്പോഴേക്കും പ്രശ്നം കുഴഞ്ഞുമറിഞ്ഞിരുന്നു.

“ജസ്വിട്ട് മെത്രാനായ ഗാർസ്യായെയും ജസ്വിട്ട് പാതിരിമാരെയും യാതൊരു കാരണവശാലും അംഗീകരിക്കുകയില്ല, മാർപാപ്പായുടെ കൽപ്പനയാൽ മറ്റ് സന്ന്യാസസമൂഹങ്ങളിൽനിന്ന് ആരുതന്നെ വന്നാലും സ്വീകരിക്കാം. ആർച്ചുഡീക്കന്റെ പട്ടം ക്രമപ്പെടുത്തണം, സഭാധ്യക്ഷനായി അദ്ദേഹത്തെ അംഗീകരിക്കണം” എന്നതായിരുന്നു ആർച്ചുഡീക്കന്റെ കൂടെ നിന്നവരുടെ ഡിമാന്റുകൾ.

ഈ കാലയളവിൽ ആർച്ചുഡീക്കൻ മാർതോമാ പലർക്കും പട്ടംകൊടുക്കുകയും മെത്രാനടുത്ത മറ്റു കർമങ്ങൾ അനുഷ്ഠിക്കുകയും മെത്രാന്റെ വേഷം ധരിച്ച് പൊതുജനമധ്യേ പ്രത്യക്ഷപ്പെടുകയും ചെയ്തു.

“ഇട്ടിത്തൊമ്മൻ കത്തനാരുടെ കത്ത് മാർപാപ്പായിൽ നിന്നല്ല, 12 വൈദികർ നൽകിയ കൈവയ്പ് വാസ്തവമല്ല, മാർതോമാ സ്വമേധയാ എടുത്ത മെത്രാന്റെ സ്ഥാനവസ്ത്രങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ, മാർതോമായെ യാതൊരു കാരണവശാലും മെത്രാനാക്കില്ല”എന്നു തുടങ്ങിയ നിലപാടുകൾ സെബസ്ത്യാനി എടുത്തു.

മാർ തോമായിൽ നിന്നു പട്ടം സ്വീകരിച്ച പലരെയും സെബസ്ത്യാനി സ്വാധീനിച്ച്, ജസ്വിട്ട് ബിഷപ്പ് ഗാർസ്യായിൽ നിന്ന് രണ്ടാമതും പട്ടം കൊടുപ്പിച്ചു. മാർ തോമായുടെ മെത്രാൻ സ്ഥാനം ക്രമപ്പെടുത്തിയാൽ സമുദായം ഒന്നടങ്കം യോജിപ്പോടെ അദ്ദേഹത്തെ സ്വീകരിക്കുകയും മിഷണറിമാരെ തിരസ്ക്കരിക്കുകയും ചെയ്യുമായിരുന്നു.

ഇതിനിടെ ഇവിടെയെത്തിയ ഹിയാസിന്തും പലവട്ട ചർച്ചകൾ നടത്തിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ഗാർസ്യാ 1659-ലും ഹിയാസിന്ത് 1661-ലും മരിച്ചു. മരിക്കുന്നതിനു മുമ്പ് ഇരുവരും മാർതോമായെ മഹറോൻ ചൊല്ലി. സെബസ്ത്യാനി 1663 വരെ ഐക്യചർച്ചകൾ നടത്തിക്കൊണ്ടിരുന്നു. കേരളത്തിലെ ഡച്ചു മുന്നേറ്റകാലമായിരുന്നത് (1661-63).

അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന 110 പള്ളികളിൽ 64 എണ്ണം പൂർണമായും 20 എണ്ണം ഭാഗികമായും ചാണ്ടി മെത്രാനെ സ്വീകരിച്ചു. 26 പള്ളിക്കാർ പൂർണമായും 20 പള്ളിക്കാർ ഭാഗികമായും മാർതോമായെ സ്വീകരിച്ചു. ഇങ്ങനെ സമുദായം രണ്ടായി പിളർന്ന്, പുത്തൻകൂറെന്നും പഴയകൂറെന്നും രണ്ടു തട്ടിലായി.

മിഷനറിമാരുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ പിളർപ്പ് വർധിപ്പിക്കാനേ സഹായകമായുള്ളു. കർമലീത്തനായ സെബസത്യാനിയാകട്ടെ, ജസ്വിട്ടരായ സമ്പാളൂർ പാതിരിമാരാകട്ടെ, ഈ സഭയെ റോമാസഭയുടെ (ലത്തീൻ റീത്തിന്റെ) ഭാഗമാക്കണമെന്ന നിശ്ചയത്തിൽ ദൃഢബദ്ധരായിരുന്നു. ഇവിടുത്തെ പിളർപ്പൊന്നും അവരെ അലട്ടിയില്ല. കുറേ ആളുകളെങ്കിലും തങ്ങളുടെ കൂടെ നിൽക്കും എന്ന് അവർ കരുതിക്കാണും. ഇതു തന്നെയാണ് പിൽക്കാലത്ത് രംഗപ്രവേശം ചെയ്ത യാക്കോബായക്കാരും ചെയ്തത്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

തന്റെ പട്ടം ശരിയല്ല എന്ന് അറിയാമായിരുന്നിട്ടും മാർതോമാ പട്ടം കൊടുക്കുകയും മെത്രാനടുത്ത കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തത് വീഴ്ചയായിപ്പോയി. അതുപോലെ തന്റെ നിലപാടുറപ്പിക്കാൻ നാട്ടുരാജാക്കന്മാരെ സ്വാധീനിക്കാൻ പരിശ്രമിച്ചതും വീഴ്ച തന്നെ. റോമൻ കൂരിയായിൽ കൊളോണിയൽ ശക്തികൾ, പ്രത്യേകിച്ച് പോർട്ടുഗീസുകാർ, അമിതസ്വാധീനം ചെലുത്തിക്കൊണ്ടിരുന്ന കാലമായിരുന്നല്ലോ അപ്പോൾ. ഇവിടെയുള്ള പോർട്ടുഗീസ് മിഷണറിമാർ കൊടുക്കുന്ന റിപ്പോർട്ടുകളായിരുന്നു കൂരിയായിൽ ഉള്ളവർക്ക് വിശ്വസനീയം. ഇവിടുത്തെ സഭയിൽ തങ്ങളുടെ ഭരണം ഉറപ്പിക്കാനുതകുന്ന തരത്തിലാണ് മിഷണറിമാർ റിപ്പോർട്ടുകൾ നൽകിക്കൊണ്ടിരുന്നത്. തദനുസൃതമായിരുന്നു കൂരിയായുടെ തീരുമാനങ്ങളും പ്രവർത്തനങ്ങളും. അതുപോലെ തങ്ങളുടെ താൽക്കാലിക കാര്യസാധ്യത്തിനായി മിഷണറിമാരുടെ പിണിയാളുകളായി വർത്തിച്ച നാട്ടുകാരായ കത്തനാരന്മാർ എന്നുമുണ്ടായിരുന്നു.

ചാണ്ടിക്കത്തനാർ മെത്രാനായപ്പോൾ മലങ്കരനസ്രാണികൾ പ്രതീക്ഷാനിർഭരരായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി ഈ നാട്ടിൽ ജനിച്ച സങ്കരജാതിക്കാരനായ റഫായേൽ ഫിഗുവെരെദോ ('കുപ്പായക്കാരൻ റപ്പായേൽ') എന്നയാളെ മിഷണറിമാർ മെത്രാനായി തെരഞ്ഞെടുത്തു. അങ്ങനെ ചാണ്ടിമെത്രാന്റെ മരണത്തോടുകൂടി മലങ്കരസഭാഭരണം വീണ്ടും പാശ്ചാത്യരുടെ കൈകളിൽ അമർന്നു. വൃദ്ധനും രോഗിയുമായ ചാണ്ടിമെത്രാൻ വിലപിച്ചുകൊണ്ട് ഒരിക്കൽ പറഞ്ഞു:"ആദ്യത്തേതും അവസാനത്തേതും ഞാൻ തന്നെ." അത് അറംപറ്റി. പിന്നെ നാട്ടുമെത്രാൻ ഉണ്ടായത് എത്രനാൾ കഴിഞ്ഞാണ്!

### തുടർന്നുള്ള ഐക്യചർച്ചകൾ

റോമിന്റെ ഭാഗത്തുനിന്ന് അനുകൂലപ്രതികരണം ഉണ്ടാകുന്നില്ലെന്നു കണ്ട് മാർതോമാ മറ്റു പലയിടങ്ങളിലേക്കും എഴുതിക്കൊണ്ടിരുന്നു. അങ്ങനെയാണ് ജറുസലേമിൽ നിന്ന് യാക്കോബായാ സഭയിൽ പെട്ട മാർ ഗ്രിഗോറിയോസ് 1665-ൽ ഇവിടെയെത്തിയത്. ഒന്നാം മാർതോമാ മുതൽ ആറാം മാർതോമാ വരെയുള്ള 150 വർഷത്തിനിടയിൽ രണ്ടുമൂന്നു പ്രാവശ്യമായി അന്ത്യോക്യൻ യാക്കോബായാ സഭയിൽ നിന്ന് ചില മെത്രാന്മാർ ഇവിടെ വന്നു എന്നതൊഴിച്ചാൽ, അവരാരും നവീനപ്രബോധനങ്ങളൊന്നും ഇവിടെ നടപ്പാക്കിയില്ല. 1665-നു ശേഷം 1685-ൽ രണ്ടു യാക്കോബായാ മെത്രാന്മാർ ഇവിടെ വന്നു. അതിനുശേഷം 50 വർഷത്തേക്ക് ആരും വന്നില്ല. 1747-51 കാലഘട്ടത്തിൽ നാലുപേർ വന്നു. പശ്ചിമേഷ്യയിൽ നിന്നു വന്ന മേൽപ്പട്ടക്കാർ ഒന്നാം മാർതോമാ മുതലുള്ളവർക്ക് പട്ടം കൊടുത്തെന്നും ഇല്ലെന്നും രണ്ടഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. അന്ത്യോക്യൻ യാക്കോബായാസഭയിൽ മെത്രാൻപട്ടം കൊടുക്കുമ്പോൾ പുതിയ പേര് സ്വീകരിക്കുന്ന രീതിയുണ്ട്. അപ്രകാരം ആറാം മാർതോമാ വരെയുള്ളവരാരും തന്നെ പേരു മാറ്റിയതായി കാണുന്നില്ല ഏന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 1751-ൽ ഇവിടെയെത്തിയ മാർ ഗ്രിഗോറിയോസ് എന്ന പശ്ചിമേഷ്യൻ യാക്കോബായാ മെത്രാൻ ആറാം മാർതോമായ്ക്ക് 1772-ൽ രണ്ടാമതും മെത്രാൻപട്ടം നൽകി മാർ ദിവന്നാസ്യോസ് എന്ന് പേരിട്ടു. അങ്ങനെ പുതിയ പേര് ലഭിച്ച ആദ്യത്തെ ആൾ അദ്ദേഹമാണ്. ഇക്കാര്യം സമകാലീന രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു മുമ്പുള്ളവരെപ്പറ്റി സമകാലീന രേഖകൾ ചൂണ്ടിക്കാണിക്കാനില്ല.

നാലാം മാർതോമായും (1688-1728) അഞ്ചാം മാർതോമായും (1728-1765) സഭൈക്യസംരംഭങ്ങളിൽ തൽപ്പരരായിരുന്നെങ്കിലും, മിഷണറിമാരുടെ എതിർപ്പു നിമിത്തം അവരുടെ പരിശ്രമങ്ങൾ ഫലമണിഞ്ഞില്ല. മിഷണറിമാരെ കണ്ണുമടച്ചു വിശ്വസിച്ച മേലുദ്യോഗസ്ഥർ അവരുടെ അഭിപ്രായമനുസരിച്ച് പ്രവർത്തിച്ചു. സഭാധികാരം നൽകാനോ സഭാപാരമ്പര്യങ്ങൾ മാനിക്കാനോ റോം അന്നും തയാറായില്ല.

ആറാം മാർ തോമായുടെ (1761-1808) പട്ടം മാർ ഗ്രിഗോറിയോസ് ക്രമീകരിച്ചു കഴിഞ്ഞപ്പോൾ, അദ്ദേഹം സഭൈക്യ പരിശ്രമങ്ങൾ നടത്താൻ തുടങ്ങി. മിഷണറിമാർ നിരന്തരം റോമിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരുന്നു. എന്നാൽ കരിയാറ്റി യൗസേപ്പ് മൽപ്പാൻ എന്ന പഴയകൂർ വൈദികന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമഫലമായി ആറാം മാർതോമായെ സഭയിൽ സ്വീകരിക്കുന്നതിനുള്ള അധികാരപത്രം പോർട്ടുഗീസ് രാജ്ഞിയിലൂടെ കരിയാറ്റിക്ക് ലഭിച്ചു. കരിയാറ്റി മെത്രാനായി അധികാരപത്രത്തോടുകൂടെ ഗോവയിൽ എത്തിയെങ്കിലും, അവിടെ വച്ച് മരണമടഞ്ഞു. തുടർന്ന് നടന്ന ഐക്യസംരംഭങ്ങളുടെ ഫലമായി 1799 ജൂൺ 22-ന് ആലപ്പുഴ തത്തംപള്ളിയിൽ വച്ച് മാർ ദിവന്നാസ്യോസ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. എന്നാൽ അദ്ദേഹത്തിന് സഭാഭരണാധികാരം നൽകുന്നതിന് മിഷണറിമാർ തടസ്സം നിന്നതിനാൽ ആ ഐക്യവും തട്ടിത്തകർന്നുപോയി.

ചേപ്പാട്ട് മാർ ദിവന്നാസ്യോസിന്റെ കാലത്തും (1825-1855) സഭൈക്യചിന്തകൾ സജീവമായിരുന്നു. കത്തോലിക്കാ പുനരൈക്യാർഥം അദ്ദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുമായി എഴുത്തുകുത്തുകൾ നടത്തി. "മാർ ദിവന്നാസ്യോസിനെ മെത്രാനെന്ന നിലയിൽ സ്വീകരിക്കാൻ സാധ്യമല്ല" എന്ന മറുപടിയാണ് വരാപ്പുഴ നിന്നു ലഭിച്ചത്. അക്കാരണത്താൽ അദ്ദേഹം പുനരൈക്യ പരിശ്രമങ്ങളിൽ നിന്നു പിൻമാറി, യാക്കോബായാ സഭയോട് കൂടുതൽ അടുത്തു. അദ്ദേഹത്തിന്റെ മുൻഗമികളായി ഭരിച്ച പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, പുന്നത്ര മാർ ദിവന്നാസ്യോസ് എന്നീ പിതാക്കന്മാർ പ്രോട്ടസ്റ്റന്റ് മിഷണറിമാർക്ക് പുത്തൻകൂർ സഭയിൽ പ്രവർത്തിക്കാൻ അമിതസ്വാധീനം നൽകിയതിന്റെ ഫലമായി സമൂഹം സത്യവിശ്വാസത്തിൽ നിന്ന് അകലുന്നു എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിൽ നിന്ന് മോചനം പ്രാപിക്കുക ആവശ്യമായിരുന്നു. അന്ത്യോക്യയിൽ നിന്നു വന്ന ഒരു അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാൻ പലർക്കും വീണ്ടും പട്ടം നൽകുകയും മാർ ദിവന്നാസ്യോസിന്റെ പട്ടത്തെപ്പറ്റി സംശയം ജനിപ്പിക്കുന്ന പ്രസ്താവനകൾ നടത്തുകയും ചെയ്തു. അബ്രഹാം മൽപ്പാനെപ്പോലെയുള്ളവർ മെത്രാനെതിരായി കലാപക്കൊടി ഉയർത്തിയതും അദ്ദേഹത്തെ വേദനിപ്പിച്ചു. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം വരാപ്പുഴയ്ക്ക് എഴുതിയതും അവിടെ നിന്ന് നിഷേധാത്മക മറുപടി വന്നതും. തുടർന്ന് അദ്ദേഹം യാക്കോബായാ സഭയുമായുള്ള ബന്ധം കൂടുതൽ ഉറപ്പിച്ചു. പ്രോട്ടസ്റ്റന്റ് മിഷണറിമാരുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിച്ചു. പുത്തൻകൂർ സഭവക സ്വത്തുക്കൾ ഒരു ട്രസ്റ്റിന്റെ കീഴിലാക്കിയത് ഇക്കാലത്താണ്. മാത്യൂസ് മാർ അത്തനാസ്യോസുമായുള്ള സംഘട്ടനത്തിൽ അദ്ദേഹം പരാജയപ്പെട്ട്, ചേപ്പാട്ടു പോയി താമസിച്ചു.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1865-1909) തന്റെ മുൻഗാമികളേക്കാൾ സഭൈക്യചർച്ചകളിൽ ബഹുദൂരം മുന്നേറി. അദ്ദേഹത്തിന് റോമിൽ നിന്ന് വളരെ അനുകൂലമായ മറുപടിയാണ് വന്നത്. ഇക്കാലമായപ്പോഴേക്കും മെത്രാൻ സ്ഥാനം അംഗീകരിക്കാനും പൗരസ്ത്യപാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടുമെന്നുള്ള ഉറപ്പു നൽകാനും റോം തയാറായി. എന്നാൽ എല്ലാ സഭൈക്യസംരംഭങ്ങൾക്കും തുരങ്കം വച്ചുകൊണ്ടിരുന്നത് ഇവിടെ

ഉണ്ടായിരുന്ന സ്വാർഥത നിറഞ്ഞ മിഷണറിമാരും അവരുടെ വാക്കുകേട്ട് പ്രവർത്തിച്ച് ഉന്നതോദ്യോഗസ്ഥന്മാരും ആയിരുന്നു. പുത്തൻകൂറ്റുകാരെ ശീശ്മക്കാർ എന്നു മുദ്രകുത്തി അകറ്റി നിർത്താനാണ് മിഷണറിമാർ ശ്രമിച്ചത്. മിഷണറിമാർ *നസ്രാണിജാത്യൈകസംഘം* അട്ടിമറിച്ച് എല്ലാ സഹകരണങ്ങളും നിരോധിച്ചു. പുത്തൻകൂറ്റുകാരോട് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പുലർത്താൻ മിഷണറിമാർ പ്രേരിപ്പിച്ചു. സഭകളുടെ മേലേക്കിടയിൽ മാത്രമല്ല, ജനങ്ങളുടെ ഇടയിലും സഹകരണവും ധാരണയും വർധിച്ചെങ്കിലേ സഭൈക്യം സുസാധമാകൂ എന്നു കണ്ടാണ് ജാത്യൈകസംഘം തുടങ്ങാൻ ആലോചിച്ചത്. വരാപ്പുഴയിലെ മിഷണറി മെത്രാന്മാർ ആദ്യമാദ്യം പുനരൈക്യം സംബന്ധിച്ച് തങ്ങൾ എടുക്കേണ്ട നിലപാടുകളെപ്പറ്റി അറിയിക്കണമെന്ന് കാണിച്ച് റോമിലേക്ക് എഴുതിയിരുന്നു എന്നത് വാസ്തവം. എന്നാൽഅനുകൂലമായ മറുപടി റോമിൽ നിന്നു വന്നപ്പോൾ അവർ മുഖം തിരിച്ചുകളഞ്ഞു. മാർ ദിവന്നാസ്യോസിന്റെ സമീപനങ്ങളിൽ ആത്മാർഥത ഉണ്ടായിരുന്നു. അദ്ദേഹം ഊട്ടിയിൽ പോയി അന്നത്തെ റോമൻ പ്രതിനിധിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു, മാർപാപ്പായ്ക്ക് എഴുതിയിരുന്നു. ഡലഗാദ് അപ്പസ്തോലിക്കാ ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടി റോമിലേക്ക് എഴുതി. ഇതിന്റെയൊക്കെ വെളിച്ചത്തിലാണ് റോമിൽ നിന്ന് അനുകൂല മറുപടി വന്നത്.

മുളന്തുരുത്തി സൂനഹദോസിലെ ചെയ്തികൾ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മറ്റിയുമൊക്കെ പത്രോസ് പാത്രിയർക്കീസ് ഉണ്ടാക്കിയതും മലങ്കര ഇടവകയെ ഏഴായി തിരിച്ച് ആറ് പുതിയ മെത്രാന്മാരെ വാഴിച്ചതും അവരിൽ നിന്നെല്ലാം വിധേയത്വപത്രം എഴുതി വാങ്ങിച്ചതും പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിൽ ഈ സഭയെ ആക്കിയതും  മാർ ദിവന്നാസ്യോസിന്റെ അധികാരം കുറയ്ക്കാൻ വേണ്ടിയായിരുന്നു. എന്നാൽ എതിരാളിയായ മാത്യൂസ് മാർ അത്തനാസ്യോസിനോടും നവീകരണക്കാരോടും എതിർത്തു നിൽക്കാൻ അദ്ദേഹത്തിന് പാത്രിയർക്കീസിന്റെ സഹായം ആവശ്യമായിരുന്നു. തങ്ങളാണ് യഥാർഥ യാക്കോബായക്കാർ എന്ന് അദ്ദേഹം പിന്നീട് കോടതിക്കേസുകളിൽ വാദിച്ചു. അങ്ങനെ ഈ പുത്തൻകൂർ സമുദായം യാക്കോബായാ ആയിത്തീർന്നു. എല്ലാ പള്ളികളിലും യാക്കോബായാ ആരാധനക്രമം  പാശ്ചാത്യസുറിയാനിയിൽ നടപ്പാക്കി. അന്ത്യോക്യാ പാത്രിയർക്കീസാണ് ഈ സഭയുടെ തലവൻ എന്ന നിലപാടെടുത്തു.

സെമിനരിക്കേസിൽ അദ്ദേഹത്തിന് വളരെയധികം ദ്രവ്യം ചെലവായി. കുറച്ചു പണം തന്ന് സഹായിക്കണമെന്ന് അദ്ദേഹം മാർപാപ്പായ്ക്കുള്ള കത്തിൽ സൂചിപ്പിക്കുക കൂടി ചെയ്തു. അതിന് അനുകൂല മറുപടി ഉണ്ടായില്ല. എന്നാൽ കർദിനാളന്മാരുടെ യോഗം എടുത്ത തീരുമാനം സഭൈക്യത്തിന് അനുകൂലമായിരുന്നു.  അത് നടപ്പാക്കാൻ മിഷണറിമാർ കൂട്ടാക്കിയില്ല, തുടർനടപടികളുമായി മുന്നോട്ടുപോകാൻ മാർ ദിവന്നാസ്യോസിന് കഴിഞ്ഞില്ല, അന്നത്തെ അദ്ദേഹത്തിന്റെ സാഹചര്യം അത്തരത്തിലായിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തെ സഭൈക്യസംരംഭങ്ങൾ 1930-ൽ പൂവണിഞ്ഞു. അതിനുള്ള പ്രധാന കാരണം, അതിൽ സജീവമായി പങ്കെടുത്ത് നേതൃത്വം കൊടുത്ത മാർ ഈവാനിയോസ് പിതാവിന് സഭൈക്യത്തെക്കുറിച്ച് ഉറച്ച ബോധ്യം ഉണ്ടായിരുന്നു എന്നതാണ്. പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ കാലത്ത് കർദിനാൾസംഘം എടുത്ത തീരുമാനങ്ങളുടെ ചുവടുപിടിച്ചായിരുന്നു റോമിൽ നിന്ന് അദ്ദേഹത്തിന് വന്ന മറുപടി. മിഷണറിമാരുടെ സ്വാധീനം കുറഞ്ഞ സാഹചര്യത്തിലാണ് റോം വ്യക്തമായി ഐക്യത്തിന് പച്ചക്കൊടി കാട്ടിയത്. വിശാലഹൃദയനായ പതിനൊന്നാം പീയൂസ് മാർപാപ്പായുടെ നേതൃത്വമാണ് യഥാർഥത്തിൽ ഐക്യം ഫലമണിയിച്ചത്. അന്നത്തെ കൊല്ലം മെത്രാൻ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനി വളരെ വിശാലഹൃദയൻ ആയിരുന്നു. അദ്ദേഹം സഭൈക്യത്തിന്  അനുകൂലമായ നിലപാടെടുത്തു.

ആദ്യം മെത്രാൻസ്ഥാനം പോലും അംഗീകരിക്കാൻ കൂട്ടാക്കാത്തവർ 1930 ആയപ്പോഴേക്കും കാതോലിക്കാസ്ഥാനവും സിനഡും ഒഴികെ സർവ ഡിമാന്റുകളും അംഗീകരിച്ചു എന്നത് റോമിന്റെ മനോഭാവത്തിലുള്ള മാറ്റമാണ് കാണിക്കുക. 1930 ആയപ്പോഴേക്കും എതിരുനിന്ന പാശ്ചാത്യമിഷണറിമാരുടെ സ്വാധീനം കുറഞ്ഞു എന്നതും ഒരു കാരണമായി. റോമിന്റെ നിലപാടിലും മാറ്റം വന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞപ്പോൾ വളരെ വിശാലമായ വീക്ഷണമാണ് റോം പുലർത്തുന്നത്. അതിന്റെ പ്രസ്പഷ്ടമായ തെളിവാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് സാർവത്രികസഭാഭരണത്തിൽ പങ്കാളിത്തം നൽകുന്ന കർദിനാൾസ്ഥാനം നൽകിയത്. അതിൽ അന്തർലീനമായിരിക്കുന്ന യാഥാർഥ്യം ഗ്രഹിക്കാൻ മലങ്കര സഭാമക്കൾക്കെല്ലാം കഴിയട്ടെ. ജോൺപോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാസഭയെ  2005-ൽ സ്വയംഭരണസ്വാതന്ത്ര്യമുള്ള  മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും സഭാധ്യക്ഷനെ പാത്രിയർക്കീസിനു തുല്യമായ മേജർ ആർച്ചുബിഷപ്പ് ആയി നിയമിക്കുകയും ചെയ്തു. അതോടൊപ്പം സിനഡൽ ഘടനയും കാതോലിക്കോസ് എന്ന സ്ഥാനസംജ്ഞയും ലഭ്യമായി. തുടർന്ന്  ബനഡിക്ട് 16-ാമൻ മാർപാപ്പാ 2012 നവംബറിൽ മേജർ ആർച്ചുബിഷപ്പിനെ കർദിനാൾ സ്ഥാനത്തേക്കുയർത്തി സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. ഇനിയും സഭൈക്യത്തിന് വിലങ്ങുതടിയായി നിൽക്കുന്ന ഘടകം പൗരസ്ത്യസഭകൾക്ക് ലോകത്തെല്ലായിടത്തുമുള്ള സഭാംഗങ്ങളുടെ അജപാലക കർത്തവ്യനിർവഹണത്തിനുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടുക എന്നുള്ളതാണ്. അതുകൂടി ലഭിക്കാതെ സഭൈക്യചർച്ചകൾ പുരോഗമിക്കയില്ല.

മാറിയ സാഹചര്യത്തിൽ സഭൈക്യത്തിന് നസ്രാണിസഭകൾ ഒന്നടങ്കം താൽപര്യം കാണിക്കേണ്ടതാണ്. നമ്മുടെ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ ഐക്യം സുസാധമാക്കാൻ മാർ തോമാനസ്രാണികൾ എല്ലാവരും തീക്ഷ്ണമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ സഭൈക്യകാര്യങ്ങളിൽ നസ്രാണികളിൽ എത്ര പേർക്ക് ആത്മാർഥമായ താൽപര്യമുണ്ട്? മലങ്കരനസ്രാണികൾ കൂനൻകുരിശിനു മുമ്പ് ഒന്നാ

യിരുന്നതുപോലെ നാനാത്വത്തിൽ ഏകത്വം പുലർത്തിക്കൊണ്ട് ഏകസഭയായി തീരാനുള്ള സംരംഭത്തിന് ആര് നേതൃത്വം നൽകും? അതിനു നാം ഇനിയും അനേകനാൾ കാത്തിരിക്കേണ്ടതുണ്ടോ? ബഹുദൂരം യാത്ര ചെയ്യേണ്ടിയിരിക്കുന്നുവോ?

ആദ്യകാലനേതാക്കന്മാർ വളരെ ആത്മാർഥമായി സഭൈക്യത്തിന് പരിശ്രമിച്ചിരുന്നു. പിൽക്കാലനേതാക്കന്മാർ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഐക്യചർച്ചകൾക്ക് മുതിർന്നത്. ആദ്യകാലനേതാക്കന്മാർക്കുണ്ടായ പ്രതിസന്ധികൾ മറന്നുകൊണ്ടല്ല ഇപ്രകാരം പറയുന്നത്. പിൽക്കാല നേതാക്കന്മാരുടെ ആത്മാർഥതയെപ്പറ്റി സംശയിച്ചിട്ടുമല്ല.

ചേപ്പാട്ടു മാർ ദിവന്നാസ്യോസിന് മാത്യൂസ് മാർ അത്തനാസ്യോസിന്റെ എതിർപ്പുണ്ടായി. ആ പശ്ചാത്തലത്തിലാണ് അദ്ദേഹം വരാപ്പുഴയ്ക്ക് എഴുതിയത്. എന്നാൽ അത് നടക്കാതെ വന്നപ്പോൾ അദ്ദേഹം അന്ത്യോക്യൻ മെത്രാൻ മാർ കൂറിലോസിന് അധികാരം വച്ചൊഴിഞ്ഞ്, അന്ത്യോക്യയോട് കൂടുതൽ അടുത്തു.

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് പാത്രിയർക്കീസിന്റെ ഭാഗത്തുനിന്നും നവീകരണകക്ഷിയുടെ ഭാഗത്തുനിന്നും എതിർപ്പുകൾ നേരിടേണ്ടിവന്നു. യഥാർഥത്തിൽ പുത്തൻകൂർ-പഴയകൂർ ഐക്യം കാംക്ഷിച്ചയാളാണ് അദ്ദേഹം. വലിയ സമുദായസ്നേഹി ആയിരുന്ന അദ്ദേഹത്തിന് സെമിനരിക്കേസിന് പണം ആവശ്യമായിരുന്നു. കേസിൽ തോറ്റുപോയാൽ ഐക്യമുണ്ടാക്കാം എന്ന് ചിന്തിച്ചല്ല അദ്ദേഹം സഭൈക്യത്തിന് പരിശ്രമിച്ചത് എന്നു വേണം കരുതാൻ. അദ്ദേഹത്തിന്റെ പരിശ്രമങ്ങളും പ്രസ്താവനകളും ആത്മാർഥത നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന് ധനസഹായം ലഭിച്ചില്ല. എന്നാൽ സഭൈക്യം സംബന്ധിച്ച് റോമിന്റെ നിലപാടിൽ മാറ്റമുണ്ടായപ്പോൾ, മിഷണറിമാർ എതിരു നിന്ന് ഐക്യസംരംഭങ്ങൾ അട്ടിമറിച്ചു. അവരായിരുന്നല്ലോ അത് നടപ്പാക്കേണ്ടിയിരുന്നത്.

വട്ടശ്ശേരിൽ തിരുമേനിക്ക് മാർ അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും ബാവാക്കക്ഷിക്കാരിൽ നിന്നും എതിർപ്പുണ്ടായി. ബാവാക്കക്ഷിയുമായുള്ള കേസിൽ തോറ്റ് സർവതും നഷ്ടപ്പെട്ടാൽ പിടിച്ചുനിൽക്കാനാണ് ബഥനിപ്പള്ളികൾ തുടങ്ങാൻ അദ്ദേഹം നിർദേശിച്ചതെന്ന് കരുതുന്നവരുണ്ട്. അത് എത്രമാത്രം ശരിയാണെന്ന് പറയാനാവില്ല. പാത്രിയർക്കീസിൽ നിന്ന് മെത്രാൻ പട്ടമേറ്റ അദ്ദേഹത്തിന് പാത്രിയർക്കീസിനെ തള്ളിപ്പറയാൻ വിഷമമായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. സഭൈക്യം സംബന്ധിച്ച് ആഴമായ ചിന്തകൾ അദ്ദേഹത്തെ ഭരിച്ചിരുന്നുവൊ എന്ന് സംശയിക്കുന്നവരുണ്ട്. അതുകൊണ്ടായിരിക്കാം ആദ്യം സഭൈക്യചർച്ചകൾക്ക് പരുമലയിൽവച്ച് സമ്മതം നൽകിയ അദ്ദേഹം അവസാനം പിന്മാറിയത്. അദ്ദേഹത്തിന്റെ സഭൈക്യചിന്തകൾ കേസിന്റെ ഗതിയെ ആശ്രയിച്ചായിരുന്നു എന്ന് പറയാം.

കോടതിയും കേസുമായി നടന്നതിനാൽ അതിനുശേഷം വന്ന സഭാനേതൃത്വങ്ങൾക്കും സഭൈക്യസംരംഭങ്ങളിൽ താൽപ്പര്യപൂർവം ഇടപെടാൻ സാധിച്ചില്ല. ഇന്നും സഭാസ്വത്തുക്കളും പള്ളികളും സംബന്ധിച്ചുള്ള തർക്കങ്ങളാണ് ഓർത്തഡോക്സ് സഭയെ സജീവവും ഫലദായകവുമായ ചർച്ചകളിൽ നിന്ന് അകറ്റി നിർത്തുന്നത്. ഓർത്തഡോക്സ് സഭ സജീവമായി എക്യൂമെനിക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെങ്കിൽ, ആദ്യമായി പള്ളികളും സ്വത്തുക്കളും സംബന്ധിച്ച് ബാവാക്കക്ഷിയുമായുള്ള കേസുകളും തർക്കങ്ങളും അവസാനിപ്പിക്കണം. അതിന് ഏതുതരം വ്യവസ്ഥകളാണ് വേണ്ടതെന്ന് അവർ തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ദൈവത്തിന് തന്റെ സഭയെപ്പറ്റിയുള്ള ദർശനം യാഥാർഥ്യമാക്കാൻ അവർ ഒരുക്കമുള്ളവരാകൂ.

*വസ്തുനിഷ്ഠ കാഴ്ചപ്പാട്*

ഭാരതത്തിലെ അപ്പസ്തോലികസഭയ്ക്ക് വന്നുഭവിച്ച ദുരന്തം ശരിയായി കാണാൻ പലർക്കും ഇതുവരെയും കഴിഞ്ഞിട്ടില്ല. സംഭവിച്ചവയെ നടന്ന രീതിയിൽ കാണാനും ശ്രമിച്ചിട്ടില്ല. പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കാത്തതിനാൽ പ്രശ്നപരിഹാരവും നീണ്ടുപോകും. ഭാരതത്തെ സംബന്ധിച്ച് തട്ടിക്കൂട്ടിയുള്ള പരിഹാരമാർഗങ്ങളൊന്നും ശാശ്വത പരിഹാരമാകുകയില്ല. കുറച്ചു ചർച്ചകൾ നടത്താമെന്നല്ലാതെ ശാശ്വതമായ ഐക്യവും പുരോഗതിയും ഉണ്ടാകുകയില്ല. മുറിവുകൾ ഉള്ളിടത്തോളം കാലം ആത്മാർഥത നിറഞ്ഞ സമീപനമോ, തുറന്ന ചർച്ചകളോ യോജിക്കുന്നതിനുള്ള നീക്കമോ ഉണ്ടാകുകയില്ല. നടന്നവ മേലിൽ ആവർത്തിക്കപ്പെടുകയില്ലെന്നും നടന്നവ തിരുത്താൻ ബന്ധപ്പെട്ടവർ തയാറാണെന്നുമുള്ള ഉറപ്പ് ലഭിക്കാത്തിടത്തോളം കാലം വേർപെട്ടു നിൽക്കുന്നവരുടെ ഭയം അസ്ഥാനത്തല്ല. അവരുടെ ഭയാശങ്കകൾ ദൂരീകരിക്കേണ്ടതുണ്ട്. മലങ്കരയിലെ അപ്പസ്തോലികസഭയിൽ നടന്നവ വസ്തുനിഷ്ഠമായി കാണുക വളരെ അത്യാവശ്യമാണ്.

ഇവിടെ വന്ന മിഷണറിമാരുടെ പ്രവർത്തനങ്ങളാണ് ഈ അപ്പസ്തോലികസഭയിൽ പിളർപ്പുണ്ടാക്കിയത്. ഇവിടുത്തെ മലങ്കരസഭയെ മനസ്സിലാക്കാനുള്ള അവരുടെ കഴിവുകേടാണ് ഒരു പ്രധാന കാരണം. അതുപോലെ ഇവിടുത്തെ സഭയെ റോമാസഭയുടെ ഭാഗമാക്കാനുള്ള യത്നങ്ങളും പിളർപ്പിന് കാരണമായി ചൂണ്ടിക്കാണിക്കാനാവും. ഇന്നും ഉണങ്ങാത്ത മുറിവുകളായി ചരിത്രത്തിൽ ഈ കാര്യങ്ങൾ അവശേഷിക്കുന്നു. കഴിഞ്ഞ കാലത്ത് സംഭവിച്ചവയുടെ ദുരന്തം ഇന്നും ഇവിടുത്തെ ക്രൈസ്തവർ അനുഭവിച്ചു കൊണ്ടിരിക്കുന്നു.

ഈ പിളർപ്പിന് മിഷണറിമാർ മാത്രമാണ് കാരണക്കാർ എന്നും പറഞ്ഞുകൂടാ. നാട്ടുകാരും കാരണക്കാരാണ്. അന്നു സംഭവിച്ചവയ്ക്ക് ഇന്നുള്ളവർ കുറ്റക്കാരാണെന്നും പറഞ്ഞുകൂടാ. ചില മിഷണറിമാരുടെ തെറ്റായവീക്ഷണങ്ങൾക്കും ചെയ്തികൾക്കും പാശ്ചാത്യ മിഷണറിസമൂഹത്തെ മുഴുവൻ കുറ്റപ്പെടുത്താനോ മിഷണറിപ്രവർത്തനം വഴി ഭാരതത്തിനു ലഭിച്ച നന്മകൾ വിസ്മരിക്കാനോ പാടില്ല. മിഷണറിമാർ സ്ഥലംവിട്ടു. ഇന്ന് ഇരുവി

ഭാഗത്തിൽ പെട്ട മാർതോമാനസ്രാണികളും  സ്വതന്ത്രരാഷ്ട്രത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

അന്നു സംഭവിച്ചവ തിരുത്തിക്കുറിക്കപ്പെടണം;  മുറിവുകൾ ഉണങ്ങാനുതകുന്നവ ഇരുഭാഗത്തുനിന്നും ഉണ്ടാകണം. ഭംഗിവാക്കുകൾക്കപ്പുറം യഥാർഥത്തിലുള്ള ചരിത്രസംഭവങ്ങളെ നാം അഭിമൂഖീകരിക്കുക തന്നെവേണം. അതുപോലെ മിഷണറിമാരോടുള്ള വിരോധമനോഭാവം റോമാസഭയോടു ചിലർ തുടർന്നും കാട്ടുന്നത് ശരിയല്ല.

പണ്ടു സംഭവിച്ചവ എന്തുതന്നെ ആയിരുന്നാലും ഇന്നിൽ ജീവിക്കുന്ന നാം വിഭജനത്തിന്റെ ഭാരം പേറുന്നു. അന്നത്തെ മുറിവുണങ്ങാനുള്ള സംരംഭങ്ങൾ ഇരുഭാഗത്തുനിന്നും ഉണ്ടാകണം. എങ്കിലേ ഇവിടുത്തെഎക്യൂമെനിക്കൽ ചർച്ചകൾ വിജയിക്കുകയുള്ളു. എല്ലാ ഭാഗത്തു നിന്നും ആത്മാർഥത നിറഞ്ഞ തുറന്ന സമീപനം ഉണ്ടാകണം.

ചുരുക്കത്തിൽ:

1. വിഭജനവും കൊളോണിയലിസവും വരുത്തിവച്ച തെറ്റുകൾക്ക് പരിഹാരം ഉണ്ടാകണം.

2. പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് നിഷേധിക്കപ്പെട്ട നീതി നടപ്പാക്കണം.

3. മുറിവുകൾ ഉണങ്ങുന്നതിനുതകുന്നവ ചെയ്യാനുള്ള തുറന്ന മനഃസ്ഥിതി എല്ലായിടത്തും ഉണ്ടാകണം.

ചരിത്രത്തോടുള്ള അവഹേളനാമനോഭാവവും സത്യത്തോടുള്ള നിഷേധ മനോഭാവവും ചിലയിടങ്ങളിൽ പ്രകടമാണ്. 1983-ലെ ഒരു പ്രസംഗത്തിൽനിന്ന്: "സഭാചരിത്രത്തിലെ ആദ്യത്തെ നാലു നൂറ്റാണ്ടുകൾ നമ്മുടെ ഇരുസഭകളും പരസ്പരം കൂട്ടായ്മയിൽ ഐക്യപ്പെട്ടിരുന്നു. നാമിപ്പോഴും ആ പൊതുപൈതൃകം മുറുകെപ്പിടിക്കുന്നു". ഇത് മലങ്കരഓർത്തഡോക്സ് സഭയിലെ കാതോലിക്കാബാവാ തിരുമേനി റോമിൽവച്ച് മാർപാപ്പായുടെ സാന്നിധ്യത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നാണ്. - ഈ പ്രസ്താവന കേരളത്തിലെ സഭാകാര്യങ്ങളെപ്പറ്റിയാണോ പശ്ചിമേഷ്യൻ സിറിയൻ ഓർത്തഡോക്സ് സഭാകാര്യങ്ങളെപ്പറ്റിയാണോ എന്ന് ചിന്തിച്ചുപോകുന്നു. നാലാം നൂറ്റാണ്ടിൽ ഇവിടെ ഒരു പിളർപ്പുണ്ടായതായി സഭാചരിത്രകാരന്മാർ ആരുംതന്നെ പരാമർശിച്ചിട്ടില്ല.

എന്നാൽ ഈയടുത്തകാലത്ത് കത്തോലിക്കാസഭയും മലങ്കര ഓർത്തഡോക്സ് സഭയും കൂടിയുള്ള എക്യൂമെനിക്കൽ ചർച്ചയിൽ അംഗീകരിച്ച ഒരു റിപ്പോർട്ടിൽ,  ഇവിടുത്തെ സഭ പോർട്ടുഗീസുകാരുടെ വരവു വരെ ഒരു സഭയും ഒരു സമൂഹവുമായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അന്ത്യോക്യൻ ബന്ധം 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടിയാണെന്ന് ഓർത്തഡോക്സുകാരിൽ പലർക്കും ബോധ്യപ്പെട്ടിട്ടുണ്ട്.

മാർപാപ്പാ തിരുമേനി 1983-ൽ മലങ്കര ഓർത്തോഡോക്സ് ബാവാ തിരുമേനിയുടെ സാന്നിധ്യത്തിൽ പറഞ്ഞ ഒരു സംഗതി വളരെ പ്രസക്തമാണ്:

"കാലപ്പഴക്കത്തിൽ പരസ്പരബന്ധങ്ങളൊക്കെ വിസ്മരിക്കപ്പെടാൻ ഇടയുണ്ട്. ഉള്ള ബന്ധങ്ങൾ തിരിച്ചറിയാൻ കഴിയാത്തവണ്ണം കണ്ണിന് മങ്ങലേൽക്കാനും ഇടയുണ്ട്. അതുകൊണ്ട് പരസ്പരചർച്ചകൾ വഴിയും സൗഹൃദസന്ദർശനങ്ങൾ വഴിയും പൊടി തട്ടിക്കളഞ്ഞും കാഴ്ച തെളിച്ചും യാഥാർഥ്യങ്ങളെ യാഥാർഥ്യങ്ങളായി കാണാൻ ശ്രമിക്കാം. അങ്ങനെ നാം ശ്രമിക്കുമ്പോൾ നമ്മുടെ ഇടയിൽ ഇപ്പോൾ തന്നെയുള്ള കൂട്ടായ്മയുടെ ഘടകങ്ങൾ നമ്മെ അത്ഭുതപരതന്ത്രരാക്കും."

അതിനു മറുപടിയായി കാതോലിക്കാവാബാ തിരുമേനി പറഞ്ഞ പ്രസംഗത്തിൽ നിന്നുകൂടി ഉദ്ധരിക്കാം: "നമുക്ക് പൊതുവായിട്ടുള്ളവ നമ്മെ അകറ്റുന്നവയേക്കാൾ വളരെ കൂടുതലാണ്..സഭ, സഭാശുശ്രൂഷ, കൗദാശിക രഹസ്യങ്ങൾ, എന്നിവ മനസ്സിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനേകം സംഗതികൾ നമുക്ക് പൊതുവായിട്ടുണ്ട്. ഇവയിലെല്ലാം അടിസ്ഥാനപരമായി നാം യോജിപ്പിലാണ്. എന്നാൽ അപ്രധാന സംഗതികൾ നൂറ്റാണ്ടുകളായി നമ്മെ അകറ്റി നിർത്താൻ നാം അനുവദിച്ചു".-അവ ചർച്ചകളിലൂടെ പരിഹരിക്കാമെന്ന പ്രത്യാശയാണ് രണ്ടു പിതാക്കന്മാർക്കും ഉണ്ടായിരുന്നത്.

വിശ്വാസത്തിന്റെ സാരസത്തയും വിശ്വാസം അവതരിപ്പിക്കുന്ന പദപ്രയോഗങ്ങളും രണ്ടായി കാണാനുള്ള സന്നദ്ധത   1983-ലെ സംയുക്ത പ്രഖ്യാപനത്തിൽ ദൃശ്യമാണ്. പദപ്രയോഗങ്ങളിൽ വ്യത്യാസം വരാം. ഊന്നലുകളിൽ വ്യത്യാസം വരാം. എന്നാൽ സാരസത്ത ഒന്നാണെങ്കിൽ, ഈ വ്യത്യാസങ്ങളൊക്കെ പരസ്പരം അംഗീകരിക്കാവുന്നതാണ്. അകന്നു നിൽക്കാൻ അവയൊന്നും ഒരു ന്യായീകരണവും നൽകുന്നില്ല. വൈവിധ്യം കൂട്ടായ്മയിൽ സാധ്യമാണ്.

ഓരോ സഭയും ഏകപക്ഷീയമായി വളർത്തിയെടുത്ത സഭാശാസ്ത്രം മറ്റെല്ലാ സഭകളും സ്വീകരിച്ചേ മതിയാവൂ എന്ന് നിർബന്ധം പിടിക്കരുത്. പിളർന്ന് അകന്നു മാറിയ കാലഘട്ടത്തിലെ സഭാബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടണം. ഇതിനൊക്കെ ഇന്ന് ആര് നേതൃത്വം നൽകും? നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവം ആരെയാണ് ഇതിനായി നമ്മുടെ മധ്യത്തിലേക്ക് അയച്ചിരിക്കുന്നത്?

*മാർതോമാ ക്രിസ്ത്യാനികളുടെ ഐക്യം*

ഇന്ന് വിവിധ തട്ടുകളിലും വിവിധ നേതൃത്വങ്ങളെ ആശ്രയിച്ചും നിൽക്കുന്ന മാർതോമാ ക്രിസ്ത്യാനികൾ

ഒന്നിച്ച് അണിനിരക്കേണ്ടത് ആവശ്യമാണ്.  1653-നു മുമ്പുള്ള അവസ്ഥയിലേക്ക് നാം പോകേണ്ടതുണ്ട്. അതിനു പറ്റിയ സാഹചര്യമൊരുക്കാൻ നേതാക്കന്മാരും അണികളും തയാറാകണം. ചരിത്രത്തിന്റെ ഗതിവിഗതികളിൽ പെട്ട് പല തട്ടുകളിൽ ആയിപ്പോയവർ തങ്ങളുടെ നിലപാടുകളെപ്പറ്റി പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ലത്തീൻ, അന്ത്യോക്യൻ, ആംഗ്ലിക്കൻ സഭകളിൽ നിന്ന് മലങ്കരസഭയിലെ വിവിധ വിഭാഗങ്ങൾക്ക് ലഭിച്ച പൈതൃകങ്ങൾ ഒന്നിച്ചു കൂട്ടുമ്പോൾ മൊത്തത്തിൽ മലങ്കരസഭയ്ക്ക് പലവിധ നേട്ടങ്ങളുണ്ടായി. ഭാരതത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഇവയെല്ലാം കോർത്തിണക്കി മലങ്കരസഭാംഗങ്ങൾക്കെല്ലാം അനുഭവവേദ്യമാകത്തക്കവിധം ഒന്നിക്കാൻ നാം യത്നിക്കണം. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ചരിത്രത്തിൽ നിന്ന് പാഠം പഠിച്ച് കരുത്തുറ്റ ഒരു മലങ്കരസഭയെ നാം ലക്ഷ്യം വയ്ക്കണം. ഭാരതീയവും പൗരസ്ത്യവുമായ എല്ലാ പാരമ്പര്യങ്ങളും എല്ലാവരുടെയും പൊതുസ്വത്താണ്.ഒരു സഭാപാരമ്പര്യത്തെയും നമുക്ക് മാറ്റി നിർത്തേണ്ടതുമില്ല.

ഓരോ സഭയുടെയും പാരമ്പര്യങ്ങൾ പാലിക്കപ്പെടുകയും പുലർത്തപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം. കാലത്തിന്റെ ഗതിവിഗതികളിൽപെട്ട് അപൂർണ പാരമ്പര്യങ്ങളോ ചേരാത്ത രീതികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, തിരിച്ചുപോക്കും നവീകരണവും അത്യന്താപേക്ഷിതമാണ്. പഴമയെ അതുപടി കാത്തുസൂക്ഷിക്കാനുള്ള വ്യഗ്രതയല്ല ഇന്നാവശ്യം. നാം ജീവിക്കുന്ന ചുറ്റുപാടിലെ മനുഷ്യന് രക്ഷകനായ മിശിഹായെ കാണിച്ചുകൊടുക്കുകയാണ് സർവപ്രധാനം. ഭാരതത്തിന്റെ ആത്മാവിന് മാർതോമാനസ്രാണികൾക്ക് എപ്രകാരം മിശിഹായെ ഒന്നിച്ച് ഒരേ സ്വരത്തിൽ നൽകുവാൻ സാധിക്കും എന്നതാണ് നാം ചിന്തിക്കേകെണ്ട സർവപ്രധാനമായ സംഗതി. കഴിഞ്ഞ കാലങ്ങളിലെ കുറവുകളെയും അനീതികളെയും പഴിച്ചുകൊണ്ടിരിക്കാതെ, ചരിത്രത്തിലെ ഭാണ്ഡക്കെട്ടുകളുടെയും അർഥശൂന്യമായ ആചാരാനുഷ്ഠാനങ്ങളുടെയും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ സംഭവിച്ച മാറ്റങ്ങളുടെയും വർത്താക്കളായി വർത്തിക്കുന്നതുവഴി ഈ ദൗത്യത്തിന് തടസ്സം നേരിടുന്നെങ്കിൽ, അവയോട് നാം വിടപറയുക തന്നെ വേണം.സുവിശേഷത്തിനും സഭാപിതാക്കന്മാർ സുവിശേഷത്തിനു നൽകിയ വ്യാഖ്യാനങ്ങൾക്കും അവർ പഠിപ്പിക്കുന്ന സ്നേഹത്തിനും ഐക്യത്തിനും മറ്റെന്തിനേക്കാളും നാം പ്രാധാന്യം നൽകണം.  നവീകരണത്തിനും സഭൈക്യത്തിനും നാം തയാറാകണം.